ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID & EW)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം

Phone: 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website:www.celsgd.kerala.gov.in

നം. ഇ3- 13217/2020/ജി.എൻ.എൽ/ സിഇ/തസ്വഭവ തീയതി. 25/11/2020

# പരിപത്രം

വിഷയം:- തസ്വഭവ- (എൽ.ഐ.ഡി & ഇ.ഡബ്ലിയു)- ജീവനക്കാര്യം- അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ 21/06/2019 ലെ ഇ8/2210/2015//സി.ഇ/തസ്വഭവ നമ്പർ സർക്കുലർ

ഈ കാര്യാലയത്തിലേക്ക് വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ PEN No./ GE No എന്നിവ രേഖപ്പെടുത്തണമെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പല ഓഫീസുകളും പാലിക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൂടാതെ പ്രൊബേഷൻ ഡിക്ലറേഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അവധി വിവരങ്ങളും, സർവീസ് ക്രമവൽക്കരിച്ചതിന്റെ രേഖകൾ, വർക്ക് & കോണ്ടക്ട് സർട്ടിഫിക്കറ്റ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് (ആവശ്യമുള്ള ജീവനക്കാർക്ക്) എന്നിവ പ്രൊബേഷൻ കാലയളവ് പൂർണ്ണമായും ഉൾപ്പെടുത്തി (അവധി ഉൾപ്പെടെ) സമർപ്പിക്കേണ്ടതാണ്. സേവന പുസ്തകത്തിൽ/ അപേക്ഷയിൽ SLI, GIS, GPF എന്നിവയിൽ ചേർന്നത് ഉൾപ്പെടെ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സമയബന്ധിത ഹയർഗ്രേഡിനുള്ള അപേക്ഷയോടൊപ്പം പ്രൊബേഷൻ ഡിക്ലറേഷന്റെ പകർപ്പ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പമുള്ള ഡിക്ലറേഷൻ, അണ്ടർടേക്കിംഗ് എന്നിവ കൃത്യമായി പൂരിപ്പിക്കേണ്ടതും ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിക്കാൻ എല്ലാ ഓഫീസ് മേലധികാരികളും ശ്രദ്ധിക്കേണ്ടതാണ്. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം

നിരസിക്കുന്നതും ഇത്തരത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

**ചീഫ് എഞ്ചിനീയർ([redacted])**

Div